വാരാന്ത്യപതിപ്പ് ലക്കം-28 | NOVEMBER 28 - DECEMBER 4

# മനസ്സ് നന്നാവട്ടെ

സെൻ്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

എൻ.എസ്.എസ് വാർത്തകൾ
അവബോധം സൃഷ്ടിച്ച് സോഷ്യോപോഡ്സ് പേജ് 1
ലോക എയ്ഡ്സ് ദിനം പേജ് 1
അഭയം പ്രമോഷൻ വീഡിയോ റിലീസ് പേജ് 1
ട്രാഷ് ഇറ്റ് തൃശ്ശൂർ : തൃശ്ശൂർ താലൂക്ക് ഓഫീസ് പേജ് 2
അഗ്രികൾച്ചറൽ ക്ലാസ്സ് പേജ് 2
അഗ്വഞ്ചർ പേജ് 3
ശുചിത്വ സർവ്വേ ശേഖരിച്ചു പേജ് 3
സ്പെഷ്യൽ സ്കൂൾ സന്ദർശനം പേജ് 4
എൻഡ് ഇനിക്വാലിറ്റീസ് എൻഡ് എയ്ഡ്സ് പേജ് 4
ലോക ഭിന്നശേഷി ദിനം പേജ് 5
ഇൻ്റർനാഷണൽ ഡേ ഫോർ ദി അബോളിഷൻ ഓഫ് സ്ലേവറി പേജ് 5
നേവി ഡേ പേജ് 5
ചോദ്യം ഉത്തരം പേജ് 6
അക്ഷരാഗ്നി പേജ് 6
ചിന്താവിഷയം പേജ് 7




സോഷ്യോപോഡ്സ് പോസ്റ്റർ


# എൻ.എസ്.എസ്. വാർത്തകൾ

## അവബോധം സൃഷ്ടിച്ച് സോഷ്യോപോഡ്സ്

ലോക എയ്ഡ്സ് ദിനത്തെക്കുറിച്ചും, എയ്ഡ്സിനെ എങ്ങനെ പ്രതിരോധിക്കാമെന്നതിനെക്കുറിച്ചും യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിലൂടെ വളന്റിയർ ശിൽപ സംസാരിച്ചു.

## ലോക എയ്ഡ്സ് ദിനം

ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് ഡിസംബർ ഒന്നിന് പോസ്റ്റർ നിർമ്മിക്കുകയും കൂടാതെ എല്ലാ വളന്റിയേഴ്സും ചുവന്ന റിബൺ കൊണ്ടുള്ള ബാഡ്ജ് ധരിച്ച് നിൽക്കുന്ന ചിത്രങ്ങൾ ഉൾപ്പെടുത്തി വീഡിയോ നിർമ്മിക്കുകയും ചെയ്തു. ദിനാചരണത്തിൽ ജൂനിയേഴ്സും പങ്കുചേർന്നു.




## അഭയം പ്രമോഷൻ വീഡിയോ റിലീസ്

അഭയം ഭവന നിർമ്മാണ പദ്ധതി വിവരിക്കുന്ന ഒമ്പതാമത്തെ പ്രമോഷൻ വീഡിയോ ഡിസംബർ രണ്ടിന് പുറത്തിറങ്ങി. വീഡിയോയിൽ അഭയം ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ച് അഡ്വക്കേറ്റ് വി എസ് സുനിൽകുമാർ ( മുൻ കൃഷിവകുപ്പ്മന്ത്രി ) സംസാരിച്ചു. പദ്ധതിയ്ക്ക് ആശംസയും പിന്തുണയും അറിയിച്ചതിനൊപ്പം ഏവരുടേയും സഹകരണവും അഭ്യർത്ഥിച്ചു.



## ട്രാഷ് ഇറ്റ് തൃശ്ശൂർ: തൃശ്ശൂർ താലൂക്ക് ഓഫീസ്






ഡിസംബർ നാലിന് സെന്റ് തോമസ് കോളേജ് നാഷണൽ സർവീസ് സ്കീം വളന്റിയേഴ്സ് തൃശ്ശൂർ താലൂക്ക് ഓഫീസ് വൃത്തിയാക്കി.ഇരുപത് വളന്റിയേഴ്സ് ശുചീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കാളികളായി.**2021** ബാച്ച് സെലക്ഷന്റെ ഭാഗമായി എൻ എസ് എസിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളെയും ഇതിൽ ഉൾക്കൊള്ളിച്ചു.രാവിലെ ഒമ്പതിന് തുടങ്ങിയ പ്രവർത്തനം ഉച്ചയ്ക്ക് ഒരു മണിയോടെ സമാപിച്ചു.

## അഗ്രികൾച്ചറൽ ക്ലാസ്സ്




ഇസാഫ് ബാങ്കിന്റെ നേതൃത്വത്തിൽ വളന്റിയേഴ്സിനായി അഗ്രികൾച്ചറൽ ക്ലാസ്സും സൈറ്റ് വിസിറ്റും സംഘടിപ്പിച്ചു.പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ അമ്പത് വളന്റിയേഴ്സ് ക്ലാസ്സിൽ പങ്കെടുത്തു. **2021** ബാച്ച് സെലക്ഷന്റെ ഭാഗമായി എൻ എസ് എസിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളെയും ഇതിൽ ഉൾക്കൊള്ളിച്ചു. കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് ക്ലാസ്സിൽ വിശദീകരിച്ചു. അഗ്രികൾച്ചറൽ ക്ലാസ്സും, ചേറൂരിൽ നടത്തിയ സൈറ്റ് വിസിറ്റും കൃഷിയെക്കുറിച്ച് കൂടുതലറിയാൻ ഉപകാരപ്രദമായിരുന്നു.

# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ  തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി  പുരോഗമിക്കുന്നു. ഈ ആഴ്ചയിൽ വെള്ളി, ശനി  ദിവസങ്ങളിലായി  രാവിലെ ഒമ്പത് മുതൽ  വൈകീട്ട്  നാല്  വരെ  നാല്പത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. **2021** ബാച്ചിന്റെ സെലക്ഷന്റെ ഭാഗമായി എൻ എസ് എസിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളെയും ഇതിൽ ഉൾകൊള്ളിച്ചു.











# ശുചിത്വ സർവ്വേ ശേഖരിച്ചു

 സെന്റ് തോമസ് കോളേജ് നാഷണൽ സർവീസ് സ്കീം വളന്റിയേഴ്സ് പുഴക്കൽ ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് ശുചിത്വ സർവ്വേ നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളുടെ നേതൃത്വത്തിൽ നാല് എൻ എസ് എസ് വളന്റിയേഴ്സ് സർവ്വേയിൽ പങ്കെടുത്തു. ഡിസംബർ രണ്ടിന് രാവിലെ പത്ത് മണിക്ക് ആരംഭിച്ച സർവ്വേ വൈകുന്നേരത്തോടുകൂടി  അവസാനിച്ചു.




## സ്പെഷ്യൽ സ്കൂൾ സന്ദർശനം




ഡിസംബർ മൂന്ന് ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ ചേറൂരുള്ള സെന്റ് ജോസഫ് സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു.ഏകദേശം മൂന്ന് മണിക്കൂറോളം അവരുമൊത്ത് സമയം ചെലവഴിച്ചു. ഇരുപത് വളന്റിയേർസ് ഈ പരിപാടിയുടെ ഭാഗമായി.

## എൻഡ് ഇനിക്വാലിറ്റീസ് എൻഡ് എയ്ഡ്സ്




ലോക എയ്ഡ്സ് ദിനത്തിന്റെ ഭാഗമായി എൻഡ് ഇനീക്വാലിറ്റീസ് എൻഡ് എയ്ഡ്സ് എന്ന പേരിൽ ഒരു ടോക്ക് സംഘടിപ്പിച്ചു. ഡോ. നീനു തെരേസ ജോസാണ് ടോക്ക് നയിച്ചത്. എയ്ഡ്സ് പകരുന്ന വഴികൾ, പ്രതിരോധ മാർഗങ്ങൾ, ചികിത്സ, എന്നിവയെക്കുറിച്ച് അവബോധമുണ്ടാക്കുകയും രോഗത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കുകയും ചെയ്തു. പ്രിൻസിപ്പാൾ ഡോ. മാർട്ടിൻ കെ എ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർമാരായ ഡോ. ഡെയ്സ് ലാൻഡ് തട്ടിൽ, പ്രൊഫ. രഞ്ജിത്ത് വർഗീസ് എന്നിവർ ടോക്കിൽ സംബന്ധിച്ചു.


# ലോക ഭിന്നശേഷി ദിനം

അവശരായവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും, അവരുടെ അവകാശങ്ങളും സുസ്ഥിതിയും സംരക്ഷിക്കാനും,വേണ്ട സഹായം സ്വരൂപിക്കാനുമായി ആചരിച്ചുവരുന്ന ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ഡിസംബർ മൂന്നിന് പോസ്റ്റർ പ്രദർശിപ്പിക്കുകയും ഒരു സ്പെഷ്യൽ സ്കൂൾ സന്ദർശിക്കുകയും ചെയ്തു





# ഇന്റർനാഷണൽ ഡേ ഫോർ ദി അബോളിഷൻ ഓഫ് സ്ലേവറി

അടിമത്തം നിർത്തലാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തിന്റെ ഭാഗമായി ഡിസംബർ രണ്ടിന് പോസ്റ്റർ നിർമ്മിക്കുകയും ഈ ദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന വീഡിയോ പുറത്തിറക്കുകയും ചെയ്തു.




# നേവി ഡേ

ഡിസംബർ നാല് നാവികസേന ദിനത്തിന്റെ ഭാഗമായി പോസ്റ്റർ നിർമ്മിച്ചു.





## ചോദ്യം ഉത്തരം


**ഇന്റർനാഷണൽ വളന്റിയേഴ്സ് ഡേ ആയി  ആചരിക്കുന്നതെന്ന്?**

**ഡിസംബർ അഞ്ച്**

# അക്ഷരാഗ്നി

**-ആൻഫ്ലവർ ഔസേപ്പ്**





**ചിന്താവിഷയം:**

"എത്രമാത്രം വിനയമുള്ളവനാകുന്നുവോ
അത്രമാത്രം നിങ്ങൾ വലിയവനാകുന്നു."

-രവീന്ദ്രനാഥ ടാഗോർ-

@nss_stc_42_144